പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1257.

21.03.2013 ൽ മറുപടിക്ക്

**ഭക്ഷണത്തിന് അമിതവില ഈടാക്കുന്നത് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഹോട്ടൽ ഭക്ഷണത്തിന് ന്യായവില ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ ; | (എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിലവാര പട്ടിക പ്രദർശിപ്പിക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. 1977 ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഹോട്ടലുകൾ അമിതവില ഈടാക്കുന്നത് തടയുന്നതിനായി പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഇല്ല |

| | | | |
|---|---|---|---|
| (സി) | ഹോട്ടൽ ഭക്ഷണത്തിന് സർക്കാർ ന്യായവില നിശ്ചയിച്ച് നല്കിയിട്ടുണ്ടോ; എങ്കിൽ വിവിധ ഭക്ഷണ പദാർത്ഥങ്ങൾക്ക് നിശ്ചയിച്ച് നല്കിയ നിരക്ക് സംബന്ധിച്ച് വിശദാംശം നൽകുമോ? | (സി) | ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉളള അധികാരം നിലവിൽ വകുപ്പിലില്ല. എന്നാൽ ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനായും ഏകീകരിക്കുന്നതിനായും ഒരു നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.